**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1499** **11/06/2019 ൽ മറുപടിക്ക്**

## കശുവണ്ടി മേഖലയിലെ തൊഴിൽദിനങ്ങൾ

| | ചോദ്യം<br>ശ്രീ.അനിൽ അക്കര | | ഉത്തരം<br>ശ്രീമതി. ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യമേഖലയിലുമുള്ള കശുവണ്ടി ഫാക്ടറികളിൽ ഒരു വർഷം പൂർണ്ണതോതിൽ തൊഴിൽ നൽകുവാൻ എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് ആവശ്യമുള്ളതെന്ന് അറിയിക്കുമോ; | (എ) | കാപെക്സ് ഫാക്ടറികൾ ഒരു വർഷം പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ 12000 ടൺ തോട്ടണ്ടി ആവശ്യമാണ്.<br>കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ ഒരു വർഷം 200 ദിവസം തൊഴിൽ നൽകുന്നതിന് ഏകദേശം 20000 മെട്രിക് ടൺ തോട്ടണ്ടിയാണ് ആവശ്യമുള്ളത്. |
| (ബി) | നിലവിൽ സംസ്ഥാനത്ത് എത്ര മെട്രിക് ടൺ തോട്ടണ്ടിയാണ് ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ (DCCD) കൊച്ചിയുടെ റിപ്പോർട്ട് പ്രകാരം നിലവിൽ സംസ്ഥാനത്ത് ഏകദേശം 88180 ടൺ തോട്ടണ്ടിയാണ് ഉത്പാദിപ്പിക്കുന്നത് |
| (സി) | 2018 ൽ കാഷ്യൂ ബോർഡ് വഴി എത്ര മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു; അതിന് എന്ത് വില നൽകിയെന്ന് വെളിപ്പെടുത്തുമോ; | (സി) | കാഷ്യൂ ബോർഡ് 2018-ൽ ഗിനി-ബിസ്സാവുവിൽ നിന്ന് 2887.934 മെട്രിക് ടൺ കശുവണ്ടി ഇറക്കുമതി ചെയ്തു. ഇതിന് 38.11 കോടി രൂപ നൽകി. |
| (ഡി) | കശുവണ്ടി വ്യവസായ വികസന കോർപ്പറേഷന്റേയും കാപ്പക്സിന്റെയും കീഴിലുള്ള ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2018-ൽ എത്ര ദിവസം വീതം തൊഴിൽ നൽകിയെന്ന് അറിയിക്കുമോ; | (ഡി) | 2018 ൽ കാപെക്സ് 181 തൊഴിൽ ദിനം നൽകിയിട്ടുണ്ട്.<br>കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് 2018 ൽ 135 ദിവസം തൊഴിൽ നൽകിയിട്ടുള്ളതാണ്. |
| (ഇ) | മുൻ സർക്കാരിന്റെ കാലത്ത് 2011 മുതൽ 2015 വരെ ഓരോ വർഷവും പ്രസ്തുത ഫാക്ടറികളിൽ എത്ര ദിവസം വീതം തൊഴിൽ നൽകിയെന്ന് വ്യക്തമാക്കുമോ? | (ഇ) | <u>കാപെക്സ്</u><br>2011 ജൂൺ മുതൽ ഡിസംബർ വരെ - 130 ദിവസം<br>2012 - 274 ദിവസം<br>2013 - 211 ദിവസം<br>2014 - 246 ദിവസം<br>2015 - 192 ദിവസം |

| | | | |
|---|---|---|---|
| | | | <u>കെ. എസ്. സി. ഡി. സി</u><br>2011 - 288<br>2012 - 231<br>2013 - 222<br>2014 - 173<br>2015 - 75 |

സെക്ഷൻ ഓഫീസർ